പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1853 17-12-2012 -ൽ മറുപടിക്ക്.

## ലഹരിപദാർത്ഥങ്ങളുടെ ഉൽപ്പാദനവും വിതരണവും തടയാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാലോട് രവി<br>" അൻവർ സാദത്ത്<br>" പി.സി. വിഷ്ണുനാഥ്<br>" വർക്കല കഹാർ | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) വ്യാജമദ്യം, മയക്കുമരുന്ന്, കഞ്ചാവ് എന്നിവയുടെ ഉൽപ്പാദനവും വിപണനവും തടയുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ; | (എ) എക്സൈസ് എൻഫോഴ്സ്മെന്റ് ആന്റ് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡുകൾക്ക്, മയക്കുമരുന്ന് കേസുകൾ കണ്ടെത്തുന്നതിനും, എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ, ജില്ല, താലൂക്ക്, നിയോജകമണ്ഡല, പഞ്ചായത്തു തലങ്ങളിലുള്ള ജനകീയ കമ്മിറ്റികൾ കൂടി, ടി കമ്മിറ്റികളുടെ നിർദ്ദേശമനുസരിച്ച്, മയക്കുമരുന്നു വില്പന, വ്യാജമദ്യ വില്പന എന്നിവയ്ക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. വ്യാജമദ്യ കേന്ദ്രങ്ങളിൽ, പോലീസ്, റവന്യൂ, ഫോറസ്റ്റ് എന്നീ വകുപ്പുകളെ ഏകോപിപ്പിച്ച് സംയുക്ത റെയ്ഡുകൾ നടത്തി വരുന്നു. |
| (ബി) എക്സൈസ് ഉദ്യോഗസ്ഥരുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി ഉന്നത ഉദ്യോഗസ്ഥൻമാരുടെ യോഗം വിളിച്ചു ചേർക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) എല്ലാ മാസവും, എക്സൈസ് കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ ഉന്നത എക്സൈസ് ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുകൂട്ടി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ വിലയിരുത്തി, വേണ്ട നിർദ്ദേശങ്ങൾ നല്കുന്നുണ്ട്. |
| (സി) ആയതിന്മേൽ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ? | (സി) 2012 ജനുവരി മുതൽ 2012 നവംബർ വരെ സംസ്ഥാനത്താകെ 13609 കേസുകൾ രജിസ്റ്റർ ചെയ്യുകയും, 12452 പ്രതികളെ അറസ്റ്റ് ചെയ്യുകയും, 30503.5 ലിറ്റർ സ്പിരിറ്റും, 3809.92 ലിറ്റർ ചാരായവും, 40290.575 ലിറ്റർ വിദേശമദ്യവും, 855.694 കി.ഗ്രാം കഞ്ചാവും, 21358.88 ലിറ്റർ അരിഷ്ടവും, 185561 ലിറ്റർ വാഷും, 1953.66 ലിറ്റർ ബിയറും, 13415.69 ലിറ്റർ കള്ളും, 455 വാഹനങ്ങളും പിടിച്ചെടുത്തിട്ടുണ്ട്. എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി, ജില്ലാതല കൺട്രോൾ റൂം കൂടാതെ, താലൂക്കുകളിൽ, ഓരോ എക്സൈസ് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ സ്ട്രൈക്കിംഗ് ഫോഴ്സുകളും രൂപീകരിച്ച് 24 മണിക്കൂറും റെയ്ഡുകൾ നടത്തി വരുന്നു. വ്യാജമദ്യ കേന്ദ്രങ്ങളിൽ പോലീസ്, റവന്യൂ, ഫോറസ്റ്റ് എന്നീ വകുപ്പുകളെ ഏകോപിപ്പിച്ച് സംയുക്ത റെയ്ഡുകൾ നടത്തി വരുന്നു. |

സെക്ഷൻ ആഫീസർ